
CSI CHRIST CHURCH THIRUVANANTHAPURAM

FEBRUARY 2022

# TIDINGS

VOL : 14 NO : 2



# Christ

## The Pattern For Life

**MOTTO 2022**

നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞു സുഖമായിരിക്ക മർക്കൊസ് 5:34

Your faith has made you well. Go in peace, and be healed of your disease. Mark 5:34

உன் விசுவாசம் உன்னை இரட்சித்தது, நீ சமாதானத்தோடே போய், உன் வேதனை நீங்கி, சுகமாயிரு. (மாற்கு 5:34)

In Sweet Remembrance Of
Our Beloved
# Appicha & Amma



**Dr. CHANDY KURIAN**
**Died: 7-2-2004**


**Mrs. REBECCA KURIAN**
**Died: 11-9-1984**

**Tc: 25/1509, Opp. Law College,**
**Barton Hill, Thiruvananthapuram**

***"We shall meet on that beautiful shore"***

Remembered by :
**Shiela, Shobha, Reeba**

## Vicar



**Rev. P. K. Chacko**
Christ Church Parsonage
DBRA-61., Near Devaswom
Board Jn, Nanthencode,
Trivandrum-695003
Mobile: 9447176033, 9961616929
Telephone: 2316033
vicar@csichristchurch.org

## Asst. Vicar



**Rev. Sam Mathew Roy**
Christ Church Parsonage
Fern Hill Bethel
Thycaud P.O,
Trivandrum-695014
Mobile: 9447006033
asst.vicar@csichristchurch.org

## Church Wardens

| | |
|---|---|
| Mr. George Koshie | 9447055518 |
| Mr. Korah Abraham | 9447155109 |

## Church Secretary

| | |
|---|---|
| Dr. Thomas Biju Mathew | 8075542177 |

## Lay Treasurer

| | |
|---|---|
| Mr. Paulraj K | 9447022463 |

## Internal Auditor

| | |
|---|---|
| Mr. Roy Philip (Alummootil) | 9895684681 |

## Church Committee Members

| | |
|---|---|
| Mr. Abraham Ninan | 9072170226 |
| Mr. Bibin Hezakiel V | 9447747755 |
| Mr. D Soman John | 9447007700 |
| Mr. Jacob K Varghese | 9495829627 |
| Mr. Jacob Thomas | 9495120219 |
| Adv. Mrs. K A Achamma | 9447152395 |
| Mr. Koshy George | 9745036120 |
| Mrs. Mariam Jacob | 9422400262 |
| Mr. Mathew Thomas | 9496371519 |
| Dr. Minu Jacob | 9446255011 |
| Mr. Robin Sam Kurien | 8921318737 |

## Diocesan Council Members

| | |
|---|---|
| Mr. Abraham Koshy | 9447388184 |
| Mr. Beju Joseph | 9495850181 |
| Mr. Biju Mathew | 9447101415 |
| Ms. Jolly Mathai | 9447570413 |
| Mr. Mathew John | 9847066965 |
| Adv. P J Koshy | 9249718765 |

## Senior Presbyters

| | |
|---|---|
| Very. Rev. Mathew Mathew | 2559965 |
| Rev. Dr. Jacob Verghis | 2432560 |
| Rev. Ninan Jacob | 9446324262 |
| Rev. Dr. George Joseph | 9447452473 |
| Rev. A. Viswasaraj (Tamil) | 9495349325 |

## Church Staff

| | |
|---|---|
| Mr. Aji George Jacob | 9495304997 |
| Mr. Tinu P.S. (Justin) | 8893292192 |
| Mr. Roy Daniel | 9605242882 |
| Mr. Roy Mathew | 9567776996 |

# TIDINGS

## FEBRUARY 2022

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | | | | | |


### Editorial Board

Rev. P. K. Chacko
Rev. Sam Mathew Roy
Mr. Saji Sam George (Convener)
Dr. Thomas Biju Mathew
Mr. George Koshie
Mr. Korah Abraham
Mr. Biju Mathew
Adv. P J Koshy
Mrs. Mariam Jacob
Mr. Ebby P Kuruvilla
Mr. Ambatt Shaji Joseph


CSI CHRIST CHURCH THIRUVANANTHAPURAM


## CSI CHRIST CHURCH
(Diocese of Madhya Kerala)

Palayam Trivandrum
Telephone: 2305902
Office: 2726033
Email: office@csichristchurch.org
www.csichristchurch.org

## Area Conveners

| | | |
|---|---|---|
| Kesavadasapuram | Mr. C.T. John | 9447694352 |
| | Mr. Kuruvilla Kurian | 9847114748 |
| Kowdiar-Kuravankonam | Mrs.Susan Thomas | 9447751085 |
| | Mr. Vinod Thomas | 9895206215 |
| Kunnukuzhy- Barton/Gpattom | Mr. T.V.Jacob | 9645144175 |
| MC/Kannammoola | Mr. Koshy George | 9745036120 |
| | Mr. Joshy Mathew | 9809788681 |
| Nanthencode | Mr. A.J.Thomas | 9447020738 |
| | Mr. Abraham Ninan | 9072170226 |
| Palayam/Vazhu./Thycaud. | Mr. D. Soman John | 9447007700 |
| | Mrs. Kunjukunjamma Oommen | 9446313661 |
| Pattom-Plamoodu | Mr. George Ninan | 8289909503 |
| Peroorkada | Mr. P.K Mathew | 9497264607 |
| Pettah-Manacadu | Mr. K.J George | 9400451149 |
| Pongumoodu- Sreekaryam | Prof.K.V. Thomas | 8547247910 |
| Poojappura-Karamana | Mr. Eipe Kuruvilla | 9447694158 |
| PTP Nagar-Vattiyoorkavu | Mr. V.S. Hezekiel | 9447071185 |
| | Mr. Jacob C. | 9496366635 |

## Organisation Secretaries

| | | |
|---|---|---|
| Sunday School | Mr. Jacob Thomas | 9495120219 |
| Youth Movement | Mr. Ashish Mathew | 7736996978 |
| Choir | Mr. George Mathew Vilayil | 9847335335 |
| Young Family Fellowship | Mr. K.J. George | 9846275163 |
| Women's Fellowship | Mrs. Reena Kurian | 9496290773 |
| Almaya Fellowship | Mr. Eipe Kuruvilla | 9447694158 |
| Golden Age Fellowship | Mr. C.T. John | 9447694352 |
| Ecology Forum | Mr. M. J. Kuruvila | 9447734292 |
| Medical Forum | Dr. V. P. Philip | 9446684868 |
| Christuseva | Mr. Reji Easow Cherian | 7994455788 |
| Hindi Worship Service | Mr. Abhay Kumar | 9446948217 |

# ‘Vicar’s Reflections

**Dear parishioners in Christ, loving greetings to you all.**

We have entered into the second month of the New Year. New variants of the pandemic are spreading at a faster pace. It is our duty to be careful and cautious. Let us submit ourselves into the hands of God Almighty who controls everything.

A simple thought from the Bible is presented before you. Jonah 3:3 “So, Jonah arose, and went unto Nineveh, according to the word of the Lord”.

God is not the one who abandons the misguided or those who have gone astray. God is love, who goes in search of them. The love of God not only goes in search of them, but rescues and brings them back to the right path.

Jonah who was called by God for delivering God’s judgment on the city of Nineveh, did not go there but went according to his own thinking and subsequently entered into a series of consequent crises. What happened next are all well known to us. Jonah repented sitting inside the belly of the whale. Then God commanded the whale and it vomited Jonah onto the dry land. All through these phases,Jonah was not expelled from the mercy of God. God proclaims the divine duty and assign Jonah to the mission once again. We should be able to realise the fact that the good fortune of life is to be with the uplifting love of God which does not reject or crush us.

Be reminded of three things.

1.**The obedient Jonah**

“So Jonah arose, and went unto Nineveh, according to the word of the Lord.” (Verse 3) Life journeys become a blessing when it is initiated by the command of God. The repentance of Jonah was not only the change of mind, but was a change of action too. Change

that is not reflected with action is hypocrisy and useless. Jonah warned the people of Nineveh of the approaching destruction as proclaimed to him by God. That is how Jonah became the prophet of God. We should realize that it is the prophetic duty to give warnings whenever and wherever it is needed.

2. **The repentant King and the subjects**.

The preaching of Jonah leads the King and his subjects to repentance. "So the people of Nineveh believed God, and proclaimed a fast, and put on sackcloth, from the greatest of them to the least of them. For word came unto the King of Nineveh, and he arose from his throne, and he laid his robe from him, and covered him with sackcloth and sat in ashes." (Verse 5, 6). Both King and his subjects became aware of their sins. Their repentance may be due to the fear of destruction, but it is far better than not repenting and resenting.

3. **Remorseful God**

"And God saw their works that they turned from their evil way; and God relented of the disaster that he had said he would do to them, and he did not do it." (Verse 10). It is not because of the interest to make judgment that God warned about the impending disaster on Nineveh through Jonah, but God intended that the people should change their mind. When they repented about their wrongs, God forgave them. God rejoiced in their remorse. Here we witness the God who not only loves mankind but also saves them. We should be able to walk in the ways of God repenting our sins and leaving immoral means and growing up as children of God.

Christmas was celebrated well and I wish to express my gratitude to all who cooperated. We are bound to obey the directions of government in the light of Omicron spread. There are restrictions on church attendance too. Let us all remember everyone and pray for all. May God bless all.

**Rev. P. K. Chacko Achen**
Vicar

**Rev. Sam Mathew Roy Achen**
Asst.Vicar

കർത്താവിൽ പ്രിയ സഭാംഗങ്ങളെ, നിങ്ങൾക്കെല്ലാവർക്കും സ്നേഹവന്ദനം.

പുതിയ വർഷത്തിന്റെ ദ്വിതീയ മാസത്തിലേക്കുള്ള പ്രവേശനം നാം നടത്തിക്കഴിഞ്ഞു. പകർച്ചവ്യാധിയുടെ പുതിയ വകഭേദങ്ങൾ അതിശീഘ്രം വ്യാപിച്ചുകൊണ്ടിരിക്കുന്നു. സൂക്ഷിക്കുക എന്നത് നമ്മുടെ കടമയാണല്ലോ. എല്ലാം നിയന്ത്രിക്കുന്ന ദൈവകരങ്ങളിൽ നമ്മെത്തന്നെ ഏല്പിക്കാം.

ഒരു ചെറിയ ചിന്ത വേദപുസ്തകത്തിൽ നിന്നും നിങ്ങളുടെ മുമ്പിൽ വയ്ക്കുന്നു. യോന 3:3 "അങ്ങനെ യോന പുറപ്പെട്ടു യഹോവയുടെ കല്പനപ്രകാരം നിനവേയിലേക്കു ചെന്നു".

വഴിതെറ്റിപ്പോയവരെ വഴിയിൽ ഉപേക്ഷിക്കുന്നവനല്ല ദൈവം. അവരെ തേടിച്ചെല്ലുന്ന സ്നേഹമാണു ദൈവം. തേടിച്ചെല്ലുക മാത്രമല്ല, വീണ്ടെടുത്ത് യഥാർത്ഥ വഴിയിലേക്ക് തിരികെ കൊണ്ടുവരുന്നതാണ് ദൈവസ്നേഹം. മഹാനഗരമായ നിനവേയോട് ദൈവത്തിന്റെ അരുളപ്പാടു പ്രഘോഷിക്കുവാൻ ദൈവം വിളിച്ച യോന അവിടേക്കു പോകാതെ തനിക്കു ബോധിച്ചിടത്തേക്കു പോകുകയും തൽഫലമായി പ്രതിസന്ധികളുടെ പരമ്പരയിലേക്ക് പ്രവേശിക്കുകയും ചെയ്തു. അനന്തരം നടന്നതു നമുക്കറിയാമല്ലോ. മത്സ്യത്തിന്റെ ഉള്ളിലിരുന്ന് യോന അനുതപിച്ചു. യഹോവ മത്സ്യത്തോട് കല്പിച്ചിട്ട് അതു യോനയെ കരക്കു ഛർദ്ദിച്ചുകളയുന്നു. ഈ ഘട്ടങ്ങളിലൊന്നും ദൈവത്തിന്റെ കരുണയിൽ നിന്നും യോന പുറത്താകുന്നില്ല. ദൈവം വീണ്ടും അരുളപ്പാടു നൽകി. യോനയെ ദൈവം കണ്ടിരുന്ന ദൗത്യത്തിനായി നിയോഗിക്കുന്നു. തള്ളിക്കളയാതെയും, തല്ലികെടുത്താതെയും കരംപിടിച്ചുയർത്തി, വീണ്ടും നിയോഗങ്ങൾ നൽകുന്ന ദൈവസ്നേഹത്തിൽ എന്നും ആയിരിക്കുന്നതാണ് ജീവിതത്തിന്റെ ഭാഗ്യം എന്നു തിരിച്ചറിയുവാൻ കഴിയണം.

മൂന്നു കാര്യങ്ങൾ ഓർപ്പിക്കാം.

**1. അനുസരിക്കുന്ന യോന**

"അങ്ങനെ യോന പുറപ്പെട്ടു; യഹോവയുടെ കല്പന പ്രകാരം നിനവേയിലേക്കു ചെന്നു" (വാക്യം 3) പുറപ്പാടുകൾ അനുഗ്രഹമാകുന്നത് ദൈവത്തിന്റെ കല്പനപ്രകാരം പുറപ്പെടുമ്പോഴാണ്. യോനയുടെ അനുതാപം ഒരു മനസ്സിന്റെ രൂപാന്തരം മാത്രമായിരുന്നില്ല. അതൊരു പ്രവൃത്തിയിലൂടെ ഉള്ള രൂപാന്തരം കൂടിയായിരുന്നു. പ്രവൃത്തിയിൽ പ്രതിഫലിക്കാത്ത രൂപാന്തരം കാപട്യമാണ്, നിഷ്പ്രയോജനമാണ്. നിനവേയുടെ വരാൻപോകുന്ന നാശത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് ദൈവം അരുളിച്ചെയ്തതു പോലെ യോന നിനവേയിൽ പ്രസംഗിച്ചു. അങ്ങനെയാണ് യോന ദൈവത്തിന്റെ പ്രവാചകനായിതീർന്നത്. മുന്നറിയിപ്പുകൾ

കൊടുക്കേണ്ട ഇടങ്ങളിൽ മുന്നറിയിപ്പുകൾ കൊടുക്കുന്നത് ഒരു പ്രവാചകശുശ്രൂഷയാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകേണ്ടതാണ്.

**2. അനുതപിക്കുന്ന രാജാവും ജനങ്ങളും**

യോനയുടെ പ്രസംഗം രാജാവിനേയും ജനങ്ങളേയും അനുതാപത്തിലേക്കു നയിച്ചു. വലിയവരും ചെറിയവരും ഒരുപോലെ രട്ടുടുത്തു. ഈ വാർത്ത രാജാവുകേട്ടപ്പോൾ അവൻ സിംഹാസനത്തിൽ നിന്നും എഴുന്നേറ്റു, രാജവസ്ത്രം നീക്കിവച്ചു. രട്ടു പുതച്ച് വെണ്ണീറിൽ ഇരുന്നു (വാക്യം 5,6) രാജാവും ജനങ്ങളും പാപബോധമുള്ളവരായി ത്തീർന്നു. നാശത്തെക്കുറിച്ചുള്ള പേടി കൊണ്ടാകാം അവർ അനുതപിച്ച തെങ്കിലും അനുതാപമില്ലാത്ത മറുതലിപ്പിന്റെ അനുഭവത്തേക്കാൾ എത്രയോ ശ്രേഷ്ടമാണിത്.

**3. അനുതപിക്കുന്ന ദൈവം**

“അവർ ദുർമാർഗം വിട്ടുതിരിഞ്ഞു എന്നു ദൈവം അവരുടെ പ്രവൃത്തികളാൽ കണ്ടപ്പോൾ താൻ അവർക്കു വരുത്തും എന്ന് അരുളിച്ചെയ്തിരുന്ന അനർത്ഥങ്ങളെകുറിച്ച് ദൈവം അനുതപിച്ചു, അതു വരുത്തിയതുമില്ല’’ (വാക്യം10). ന്യായവിധി നടത്തുവാനുള്ള ആവേശംകൊണ്ടല്ല ദൈവം നിനവേയ്ക്കുവരാൻ പോകുന്ന നാശത്തെ കുറിച്ച് യോനയിലൂടെ മുന്നറിയിപ്പു നൽകിയത്. ജനം മനം തിരിയണം എന്നതാണ് ദൈവത്തിന്റെ ആഗ്രഹം. ദുർമാർഗ്ഗം വിട്ടുതിരിഞ്ഞ ജനത്തോടു ദൈവം ക്ഷമിക്കുന്നു. അവരുടെ അനുതാപത്തിൽ ദൈവം സന്തോഷി ക്കുന്നു. മനുഷ്യനെ സ്നേഹിക്കുക മാത്രമല്ല, രക്ഷിക്കുകയും ചെയ്യുന്ന ദൈവത്തെയാണ് നാം ഈ ഭാഗത്തു കാണുന്നത്. അനുതപിച്ച്, ദുർമാർഗ്ഗങ്ങൾ വിട്ടുതിരിഞ്ഞ് ദൈവത്തിന്റെ വഴികളിൽ നടക്കുവാനും, ദൈവത്തിന്റെ മക്കളായി വളരുവാനും നമുക്കു കഴിയണം.

ക്രിസ്തുമസ് ഭംഗിയായി നടത്തപ്പെട്ടു. എല്ലാതരത്തിലും സഹകരിച്ചവരോടു നന്ദി പറയുന്നു. ഒമിക്രോൺ വ്യാപിക്കുന്ന പശ്ചാത്തലത്തിൽ ഗവൺമെന്റിന്റെ നിർദ്ദേശത്തെ നാം അനുസരിക്കാൻ ബാധ്യസ്ഥരാണ്. ദൈവാലയത്തിൽ ആരാധനയിൽ സംബന്ധിക്കുന്ന അംഗസംഖ്യയും പരിമിതപ്പെടുത്തിയിരിക്കയാണ്. എല്ലാവരും എല്ലാവരേയും ഓർത്ത് പ്രാർത്ഥിക്കുക. ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ.

**റവ. പി. കെ. ചാക്കോ അച്ചൻ**
വികാരി

**റവ. സാം മാത്യു റോയി അച്ചൻ**
അസി. വികാരി



# വാർത്തകളും കുറിപ്പുകളും

**1. അതിതീവ്ര രോഗ വ്യാപനം മൂലം വീണ്ടും ആരാധനകൾക്ക് നിയന്ത്രണം**

ജനുവരി 20 ന് സർക്കാർ നിർദ്ദേശപ്രകാരം തിരുവനന്തപുരം കളക്ടർ പുറപ്പെടുവിച്ച കോവിഡ്-പുതിയ നിയന്ത്രണങ്ങൾ അനുസരിച്ച് ജനുവരി അവസാന ആഴ്ചകളിലെ ബുധൻ, വെള്ളി ആരാധനകൾ നിർത്തിവെക്കേണ്ടി വന്നു. ഞായറാഴ്ചകളിൽ ഓൺലൈൻ ആയി മാത്രം ഒരു ആരാധന (മലയാളം/ഇംഗ്ലീഷ് മാറ്റിൻസ് ഒന്നിടവിട്ടുള്ള ഞായറാഴ്ചകളിൽ) ആയി ക്രമീകരിക്കേണ്ടി വന്നു. നമ്മുടെ സഭയിലെ ഒട്ടനവധി കുടുംബങ്ങൾ കോവിഡ് പോസിറ്റീവ് ആയിക്കഴിഞ്ഞതായും ദൈവകൃപയാൽ കടുത്ത ആരോഗ്യ പ്രശ്നങ്ങളിലേക്ക് കടക്കാതെ രോഗം ഭേദപ്പെടുന്നതായുമാണ് അറിയുവാൻ കഴിഞ്ഞത്. ഇക്കാര്യത്തിൽ എല്ലാവർക്കും വേണ്ടി അതിശക്തമായ പ്രാർത്ഥന ഏവരും മുടങ്ങാതെ നടത്തേണമേ എന്ന് അപേക്ഷിക്കുന്നു. ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ഞായറാഴ്ച ഒരു ഓൺലൈൻ ആരാധന (മാറ്റിൻസ്) മാത്രമായിരിക്കും എന്നും അച്ചന്മാരും ആരാധനയുടെ ഭാഗങ്ങൾ നിർവ്വഹിക്കുന്നവരും മാത്രമാണ് ഇതിൽ സംബന്ധിക്കുന്നതെന്നും പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. നിയന്ത്രണങ്ങളോട് പൂർണമായും സഹകരിക്കുന്ന സഭാ ജനങ്ങളോട് ദൈവനാമത്തിൽ നന്ദി അർപ്പിക്കുന്നു.

**2. ഏരിയാ പ്രയർ ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ സംഗീതസായാഹ്നം**

ക്രൈസ്റ്റ് ചർച്ചിൽ ആദ്യമായിട്ടാണ് ഈ വർഷം ഏരിയാ പ്രയർ ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ ജനുവരി 1 വൈകിട്ട് ദേവാലയത്തിൽ വെച്ച് ക്രിസ്തുമസ് / നവവത്സര ഗാനശുശ്രൂഷ നടത്തിയത്. പങ്കെടുത്ത എല്ലാ ഏരിയാ പ്രാർത്ഥനാ ഗ്രൂപ്പുകളും വളരെ ചിട്ടയോടെ മനോഹര ഗാനങ്ങൾ ആലപിച്ചത് എല്ലാവർക്കും അനുഗ്രഹകരമായിരുന്നു.

ഈ ഗാനശുശ്രൂഷ ആദ്യമായി സംഘടിപ്പിച്ചവരെയും ഇതിൽ സംബന്ധിച്ച എല്ലാ സഭാ ജനങ്ങളെയും സഭയുടെ പേരിൽ അഭിനന്ദിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

**3. ഏകദിന സൺഡേ സ്കൂൾ റീട്രീറ്റ്**

ജനുവരി 8, ശനിയാഴ്ച സെനാനാ ചാപ്പലിൽ വെച്ച് സൺഡേ സ്കൂൾ അദ്ധ്യാപർക്കും മുൻ അദ്ധ്യാപകർക്കും വേണ്ടി ഏകദിന റീട്രീറ്റ് നടത്തി. നമ്മുടെ സഭയിലും മാവേലിക്കര സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ചിലും ഉള്ള 42 സൺഡേസ്കൂൾ അദ്ധ്യാപകർ ഇതിൽ സംബന്ധിച്ചു. മാവേലിക്കര സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ച് വികാരി റവ.ഡോ. സാം.റ്റി.മാത്യു അച്ചനാണ് സെഷൻ നയിച്ചത്. എല്ലാവർക്കും അനുഗ്രഹീതമായ ഈ റീട്രീറ്റ് സംഘടിപ്പിച്ച സൺഡേസ്കൂൾ നേതൃത്വത്തെയും പങ്കെടുത്ത എല്ലാ അദ്ധ്യാപകരെയും ദൈവം അനുഗ്രഹിക്കട്ടെ.

**4. അടൂർ ദൈവിക ജില്ല, മഹാഇടവക കൺവെൻഷൻ**

അടൂർ വൈദിക ജില്ലയുടെ ആഭിമുഖ്യത്തിൽ 11-ാമത് അടൂർ മിഷൻ കൺവെൻഷൻ ജനുവരി 21 , 22 തീയതികളിൽ അനുഗ്രഹീതമായി നടന്നു. സി.എസ്.ഐ. മദ്ധ്യകേരള മഹായിടവക കൺവൻഷൻ 2022, ജനുവരി 24 മുതൽ 29 വരെ കോട്ടയം ബേക്കർ മൈതാനത്ത് നടന്നു. ആറ് ദിവസത്തെ യോഗങ്ങളിൽ പ്രശസ്തരായ പ്രാസംഗികരുടെ ദൂതുകൾ ലഭിച്ചു. എല്ലാ കൺവൻഷൻ യോഗങ്ങളുടെയും യൂടൂബ് ലിങ്കുകൾ സഭയുടെ വാട്സ് ആപ്പ് ഗ്രൂപ്പിൽ അന്ന് അയച്ചു കൊടുത്തത് വഴി നമ്മുടെ സഭാ ജനങ്ങൾക്കും ഈ യോഗങ്ങളിൽ പങ്കെടുക്കുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു.

ഇപ്പോഴത്തെ പ്രതിസന്ധികളിൽ നിന്ന് എത്രയും വേഗം കരകയറുവാനും കോവിഡ് രോഗത്തിന്റെ പ്രയാസങ്ങളിൽ കഴിയുന്ന ഏവർക്കും എത്രയും പെട്ടെന്ന് വിടുതലും സംരക്ഷണവും ലഭിക്കുവാൻ ദൈവം കൃപ ചെയ്യട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്,

**തോമസ് ബിജു മാത്യു**

ചർച്ച് സെക്രട്ടറി

# ALMANAC

| | |
|---|---|
| 13-02-2022 | **9th Sunday before Easter**<br>**Healing Ministry Sunday**<br>**സൗഖ്യദായകശുശ്രൂഷ ഞായർ**<br>**Healing in Sickness**<br>**രോഗത്തിൽ സൗഖ്യം**<br>OT: Exodus 4:10 -17     Psalm 103:1 - 10<br>Epistle: II Corinthians 12:1 -10     Gospel: John 9:1 - 7<br>8.00 a.m. (English) online service |
| 20-02-2022 | **8th Sunday before Easter**<br>**The Corruption of Creation**<br>**സൃഷ്ടിയെ മലിനപ്പെടുത്തൽ**<br>OT: Isaiah 5:1 -13     Psalm 8:<br>Epistle: Galatians 1: 5 -10     Gospel: Luke 10: 13 -16<br>8.00 a.m. (Malayalam) online service |
| 27-02-2022 | **7th Sunday before Easter**<br>**Lent: A Time of Redemption**<br>**നോമ്പ് : പരിത്രാണത്തിന്റെ സമയം**<br>**(വീണ്ടെടുപ്പിന്റെ കാലം)**<br>OT: Isaiah 58: 1 -14     Psalm 6:<br>Epistle: Romans 2:1 -13     Gospel: John 5:1 - 9<br>8.00 a.m. (English) online service |
| 02-03-2022 | **Ash Wednesday     ചാമ്പൽ ബുധൻ**<br>**Cross: A Call to Vicarious Suffering**<br>**ക്രൂശ് : ബദൽ സഹനത്തിനായുള്ള വിളി**<br>OT: 1 Kings 17: 12 . 24     Psalm 102:<br>Epistle: Philippians 2:1 -11     Gospel: Mark 8:31 - 38<br>6.00 p.m. H.E. (Malayalam) |
| 06-03-2022 | **6th Sunday before Easter     1st Sunday in Lent**<br>**Women's Sunday     സ്ത്രീജന ഞായർ**<br>**Remembering and Celebrating Women's Ministry**<br>**സ്ത്രീകളുടെ ശുശ്രൂഷകളുടെ ഓർമ്മിക്കലും**<br>**ആഘോഷിക്കലും**<br>OT: Judges 4: 4 - 16     Psalm 132:<br>Epistle: Philippians 4:1 - 7     Gospel: Luke 8: 1 - 3<br>8.00 a.m. (Malayalam) online service |

If there is any relaxation in the weekend restrictions as imposed by the government, we shall restart multiple divine services during the weekend and inform you in the church WhatsApp group.

## Thought for the Month

**“He is no fool who gives what he cannot keep (this earthly life) to gain that which he cannot lose (eternal life of glory with Christ for ever).”**

Jim Elliot 1927 - 1956, young missionary with four friends, were killed by cannibal type tribal people called Auca tribes of Ecuador, South America in 1956.

After 50 years of their killing, 90 percent of the Auca tribes are strong believers, even the person who murdered Elliot became a genuine Christian.

Jim Elliot gave his precious life, which perishes, to gain the life that never perishes.

*Biblical references*

Words of Jesus

*For whoever desires to save his life will lose it, but whoever loses his life for My sake will find it”* ***Matthew 16: 25***


St Paul says

*For the surpassing worth of knowing Christ I throw away everything precious to me as rubbish* ***Philippians 3: 8***

Remember the words of Jesus about the kingdom of God

“Again, the kingdom of heaven is like a merchant seeking beautiful pearls, who, when he had found one pearl of great price, went and sold all that he had and bought it.


**Matthew 13: 45, 46**



# സങ്കീർത്തനങ്ങൾ - 8

സ്രഷ്ടാവിനെ സ്തുതിച്ചുകൊണ്ടുള്ള ഈ ഗീതം സ്തുതിയിൽ ആരംഭിച്ചു, സ്തുതിയിൽ അവസാനിക്കുന്നു. ദൈവം അവർണനീയമാംവണ്ണം ഉന്നതനാണ്. എന്നാൽ മനുഷ്യൻ തീരെ ചെറുതാണ്. എന്നിട്ടും വളരെ തേജസ്സും ബഹുമാനവും ദൈവം മനുഷ്യനു നല്കി. ഈ അത്ഭുതചിന്ത വർണമനോഹരമായ പാട്ട് ഉളവാക്കി. ഒരുവന് കാണാനുള്ള കണ്ണുണ്ടെങ്കിൽ പ്രപഞ്ചം മുഴുവനും ദൈവമഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു എന്ന് ഗ്രഹിക്കാം. സൃഷ്ടാവിന്റെ ശക്തിയെയും ജ്ഞാനത്തെയും ഭൗമശാസ്ത്രം വെളിപ്പെടുത്തുന്നു. സൗരയൂഥം, നക്ഷത്രങ്ങൾ, അനന്തമായ പ്രപഞ്ചം ഇവയെല്ലാം ദൈവമഹത്വത്തിന്റെ ഭാഗികമായ കാഴ്ചകളാണ്. എന്നിട്ടും ബുദ്ധിമാനായ മനുഷ്യൻ ഈ തെളിവുകളെ ദർശിക്കുന്നില്ല. എന്നാൽ ശിശുക്കൾ തങ്ങളുടെ നിഷ്കളങ്കവിശ്വാസത്തിൽ ദൈവത്തിന്റെ മഹത്വത്തെ ലളിതമായ കീർത്തനത്തിൽ ചൊല്ലുന്നു. സൃഷ്ടിയുടെ മാഹാത്മ്യവും മനുഷ്യന്റെ നിസ്സാരതയും ഇവിടെ വ്യക്തമാക്കപ്പെടുന്നു. എങ്കിലും ദൈവം മനുഷ്യനെ കരുതുന്നു. ദൈവത്തിന്റെ കാര്യവിചാരകനായി പ്രപഞ്ചത്തിന്മേൽ ആധിപത്യം നടത്തുന്ന മനുഷ്യന്റെ മഹത്വം ദൈവം ദാനം ചെയ്തതു മാത്രമാണ്. ദൈവത്തിന്റെ ഭൂമിയിലെ പ്രതിനിധിയായ മനുഷ്യന് എല്ലാ മൃഗത്തിന്മേലും പക്ഷികളിന്മേലും മത്സ്യത്തിന്മേലും ഇഴജാതിയിന്മേലും അധികാരം നല്കി. ആദാമിലൂടെ പാപം ലോകത്തിൽ പ്രവേശിച്ചപ്പോൾ സൃഷ്ടിയിന്മേലുള്ള മനുഷ്യന്റെ സമ്പൂർണ്ണ അധികാരം നഷ്ടപ്പെട്ടു എന്ന് ഗ്രഹിക്കാം. എന്നിട്ടും ദൈവഹിതം നിലനിൽക്കുന്നു. പ്രകൃതിയുടെമേൽ കൂടുതൽ ആധിപത്യം സ്ഥാപിച്ചു തന്റെ സഹജമായ മനുഷ്യത്വം വെളിപ്പെടുത്തുമ്പോൾ ഈ മഹത്തായ ശ്രേഷ്ഠതദാനം ചെയ്ത സൃഷ്ടാവിനെ സ്തോത്രത്തോടെ അനുസ്മരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഒന്നാം ആദാം നഷ്ടപ്പെടുത്തിയ ആധിപത്യം ഒടുക്കത്തെ ആദാം പുനഃസ്ഥാപിക്കും. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം, കഷ്ടപ്പാട്, രക്ഷികപ്രവൃത്തി, സർവാധിപത്യം ഇവയുടെ മുന്നറിയിപ്പായി ഈ സങ്കീർത്തനം എബ്രായ ലേഖനത്തിൽ ഉദ്ധരിച്ചു വ്യാഖ്യാനിച്ചിരിക്കുന്നു.

**റവ. സാം മാത്യു റോയി അച്ചൻ**



# ക്രിസ്തു: ജീവിതമാതൃക

## (ലൂക്കൊസ് 10:25–37)

## Christ the Pattern for life

റവ. അലക്സ് ഏബ്രഹാം
പൂനെ

"**അ**തുകൊണ്ട് വിശുദ്ധ സഹോദരന്മാരേ, സ്വർഗ്ഗീയവിളിക്ക് ഓഹരിക്കാരായുള്ളോരേ, നാം സ്വീകരിച്ചു പറയുന്ന അപ്പോസ്തലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിച്ചു നോക്കുവിൻ" (Hebrews 3:1).

ഫലകരമായ ജീവിതത്തിലേക്ക് നമ്മെ നയിക്കുന്നതിൽ ഉദാത്തമായ ജീവിത മാതൃകകൾ വഹിക്കുന്ന പങ്ക് വലുതാണ്. എന്നാൽ നിർഭാഗ്യം എന്ന് പറയട്ടെ, അത്തരത്തിൽ ജീവിത മാതൃകകൾ കാട്ടിതരുന്ന വ്യക്തിത്വങ്ങൾ കുറഞ്ഞുവരുന്ന ഒരു ലോക സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. ഉദാത്തമായ ജീവിതത്തിനാവശ്യമായ സന്ദേശങ്ങളും നന്മയിലേക്ക് വ്യക്തികളെ നയിക്കണമെന്നുമുള്ള ഉദ്ദേശ്യത്തോടെ നിർമ്മിക്കപ്പെടുന്ന ഹ്രസ്വ ചിത്രങ്ങളാലുമൊക്കെ സജീവമാണ് നവസമൂഹമാധ്യമങ്ങൾ. ഇതൊക്കെ ഉണ്ടായിട്ടും മനുഷ്യന്റെ ജീവിതനിലവാരം താഴേക്ക് തന്നെ നിർഗമിക്കുന്ന കാഴ്ചയമാണ് കാണുന്നത്.

വിശ്വാസികളായ നാം ദൈവിക വെളിച്ചം ലോകത്തിന് പകരുവാൻ നിയോഗിക്കപ്പെട്ട ചെറുതിരികളാണ്. ലോകത്തിന്റെ വെളിച്ചമാകുന്ന ക്രിസ്തുവിനെയും അവന്റെ സ്നേഹത്തേയും മറ്റുള്ളവരിലേക്ക് പകരുക എന്നതാണ് നമ്മുട ദൗത്യം. എന്തെന്നാൽ അനുകരിക്കത്തക്ക ജീവിതമാതൃക കാട്ടിത്തന്നതും സ്നേഹത്തിലധിഷ്ഠിതമായ ജീവിതത്തിന്റെ നവമാതൃകയെ ലോകത്തിന് കാട്ടികൊടുത്തതും ക്രിസ്തുവാണ്. ക്രിസ്തു ആഗ്രഹിക്കുന്ന ആർദ്രതയും മനസ്സലിവും വളരെ അഗാധമായി വെളിവാക്കുന്ന മനോഹരമായ ഉപമയാണ് നല്ല ശമര്യക്കാരന്റെ ഉപമ. (Good

samaritan (Luke 10:25-37) ഇതുമായി ചേർന്ന് ചില ചിന്തകൾ കുറിക്കുവാൻ താല്പര്യപ്പെടുന്നു.

**(i) അപരന്റെ വേദനകളെ ഉൾക്കൊള്ളുവാനുള്ള മനസ്സ്**

( A mind to embrace the pain of the other)

യഹൂദരും ശമര്യരും തമ്മിലുള്ള ശത്രുതയും വംശീയസംഘർഷങ്ങളും ഒന്നും പരിഗണിക്കാതെ, അതിരുകൾക്കതീതമായി കടന്നുചെല്ലുന്ന ആർദ്രസ്നേഹമാണ് ക്രിസ്തു ഈ ഉപമയിലൂടെ കാട്ടിത്തരുന്നത്. ശമര്യക്കാരത്തി സ്ത്രീയുമായുള്ള ക്രിസ്തുവിന്റെ സംഭാഷണവും (John 4) സൗഖ്യം ലഭിച്ച കുഷ്ഠരോഗികളിൽ നന്ദി പറയുവാൻ തിരികെ വരുന്ന ശമര്യക്കാരനെ (Luke 17:12-19) പ്രശംസിക്കുന്നതുമെല്ലാം ദൈവസ്നേഹത്തിന്റെ അളവറ്റ പ്രതിഫലനമാണ് വെളിവാക്കുന്നത്.

ഉപമയിൽ മുറിവേറ്റ മനുഷ്യൻ യഹൂദനായിരുന്നു. അതിനാൽ അദ്ദേഹം അതുവഴി വന്ന പുരോഹിതന്റെയും ലേവ്യന്റെയും അയൽക്കാരനായിരുന്നു. എന്നാൽ ആ അയൽക്കാരന്റെ വേദന കാണുവാൻ അവർക്ക് സാധിച്ചില്ല; അഥവാ കണ്ടിട്ടും കാണാത്ത മട്ടിൽ കടന്നുപോയി. The greatest moments in our life are those when we performed acts of service to fellow human beings out of love. നമ്മുടെ കാഴ്ചയെത്തേണ്ട അനേക ഇടങ്ങൾ നമുക്കു ചുറ്റിലും ഉണ്ട്. എന്നാൽ ജീവിത തിരക്കിൽ അവയെല്ലാം നാം കാണുവാൻ മനസ്സില്ലാതെയോ കാണാതെയോ പോകുന്നു. പുരോഹിതനും ലേവ്യനും ദേവാലയശുശ്രൂഷകളുമായി ഏറ്റവും ബന്ധപ്പെട്ടു നിന്നിരുന്നവർ എങ്കിലും, അവർ തങ്ങളുടെ ശുശ്രൂഷകളിൽ ഉരുവിട്ടതും പ്രസംഗിച്ചതുമായ വചനങ്ങൾ ക്രിയാത്മകമായി ഉപയുക്തമാക്കുന്നതിൽ അവർ പരാജയപ്പെട്ടു. വചനത്തിന്റെ പ്രാവർത്തികഭാവമാണ് ശമര്യക്കാരന്റെ ആർദ്രത നിറഞ്ഞ ഇടപെടൽ. ക്രിസ്തു നമ്മിൽ നിന്നും ആഗ്രഹിക്കുന്നതും ഇത്തരത്തിലുള്ള സമീപനമാണ്. അവൻ നമുക്ക് കാട്ടിത്തന്നതും അത്തരത്തിലുള്ള ജീവിതശൈലിയാണ്.

**(ii) അപരന് ഉദാത്തമായത് നൽകുവാനുള്ള മനസ്സ്**

( A mind to give the best to the other)

ഈ ഉപമയിൽ അയൽക്കാരൻ സഹായം ആവശ്യപ്പെടുന്ന

വനല്ല. സഹായം നൽകുന്നവനാണ്. ഏറ്റവും ശ്രേഷ്ഠമായത് ആവശ്യത്തിലിരിക്കുന്നവന് നൽകണം എന്നതും ക്രിസ്തു ഈ ഉപമയിലൂടെ നമ്മെ പഠിപ്പിക്കുന്നു. യേശുവിന്റെ കാലത്ത് ഒലിവെണ്ണയും വീഞ്ഞും മരുന്നായി ഉപയോഗിച്ചിരുന്നു എന്ന് യാക്കോബ് 5:14 ൽ നവാം കാണുന്നു. വിശാലമായ മനസ്സിന്റെ ഉടമയായിരുന്നു ശമര്യക്കാരൻ. തന്റെ സമയവും സമ്പാദ്യവും ഉദാത്തമായി വിനിമയം ചെയ്യുവാനുള്ള ആ മനസ്സ് എടുത്തു പറയേണ്ടവയാണ്. എണ്ണയും വീഞ്ഞും നൽകുകയും, വഴിയമ്പല ത്തിൽ കൊണ്ടുപോയി രക്ഷചെയ്യുകയും മടങ്ങിവരുമെന്നുള്ള ഉറപ്പുമൊക്കെ അവന്റെ ജീവിതശൈലിയുടെ ഭാഗവും ദൈവ സ്നേഹം പകരപ്പെടുന്നതിന് പരിധികളില്ല എന്നതിനെ ഉറപ്പിക്കുന്ന വയുമാണ്. ഉത്തരവാദിത്വമുള്ള ഒരു ശമര്യക്കാരനെയാണ് ഇവിടെ നാം കാണുന്നത്. അപരന്റെ വേദന എന്റെയും കൂടെയാണ് എന്ന തിരിച്ചറിവോടുകൂടെ ആർദ്ര സ്നേഹത്തിന്റെ നിറകുടമായാണ് ഈ കൂട്ടുകാരനെ യേശുകർത്താവ് അവതരിപ്പിക്കുന്നത്. പ്രിയരേ ഈ നല്ല ശമര്യക്കാരൻ ക്രിസ്തുവിനെതന്നെയാണ് പ്രതിനിധീകരി ക്കുന്നത്. സ്വന്തജീവനെ ഉദാത്തമായി നമ്മുടെ രക്ഷയ്ക്കും വീണ്ടെടുപ്പിനുമായി നൽകിയ ആ കർത്താവിനെ.

ഇന്ന് നാം ഒരു കോവിഡ് കാലത്തിലൂടെ കടന്നുപോകുക യാണല്ലോ. ഈ കാലഘട്ടത്തിന്റെ ദുരനുഭവങ്ങളാൽ മുറിവേൽക്ക പ്പെട്ട അനേകം മനസ്സുകൾ നമുക്ക് ചുറ്റിലും ഉണ്ട്. അവരുടെ വേദനകളെ കാണുവാനും നമ്മളാൽ കഴിയുന്ന അളവിൽ അവരെ സമീപിക്കുവാനും കഴിയുക എന്നതാണ് ഇന്നിന്റെ സുവിശേഷം. കുറിവാക്യത്തിൽ നാം വായിച്ചതുപോലെ ‘യേശുവിനെ ശ്രദ്ധിച്ചു നോക്കിയെങ്കിൽ മാത്രമേ അവന്റെ ജീവിത മാതൃകകൾ പിൻതുടരു വാൻ നമുക്കും സാധിക്കൂ. ഇന്ന് കോവിഡ് പ്രോട്ടോക്കോളിന്റെ ഭാഗമായി ‘സാമൂഹിക അകലം’ നാം പാലിക്കുന്നുവെങ്കിലും മനസ്സിന്റെ അടുപ്പം കാത്തു സൂക്ഷിക്കുവാനും നമുക്ക് സാധിക്കണം. പരസ്പരം പങ്കുവയ്ക്കലിന്റെയും ഭാരം ചുമക്കുന്നതിന്റെയുമൊക്കെ ശ്രേഷ്ഠമായ മാതൃകകൾ തിരുവചനത്തിൽ നിന്നും ഉൾകൊള്ളാം. ഒരു നല്ല ശമര്യക്കാരനാവാം; ക്രിസ്തുവിന്റെ ജീവിതമാതൃക ഉൾക്കൊള്ളാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

# *In loving memory*



**For me To live is Christ and to die is gain.**

*Philippians 1.21*

## Ammukkkutty George

Apr 10 1932-Feb 6 2018

**Inserted By**
**Lt. Col. Dr. Kurien George (ID No : K - 039)**

# Ninth Birthday in Heaven

2nd February 2022

In Sweet Remembrance of Our Beloved
ANJUMOL



## Mrs. ANNLEY MERCY WILSON

**Anugrah**
TC 8/1813, Kariyam, Trivandrum. (ID No: W-003 / Page No: 449)

*"If we live, we live to the Lord; and if we die, we die to the Lord.
So, whether we live or die, we belong to the Lord"    (Romans 14:8)*

**"Fondly Remembering You Molu..........."**
**Mumma (Mrs. Laji Wilson)**


Congratulations
Wishing You Both
A Very Happy & Blessed Married Life
- Christ Church Family-
Merine & Anoop
MARRIED ON 13TH JANUARY 2022
D/o Rev. P. K Chacko & Mrs. Rachel Philip


COVENANT SERVICE 2022



# Christmas
## SONG SERVICE










Sunday School Teacher's
Annual Retreat & Get Together

# First Death Anniversary

9th February 2022

## In Loving Memory of



**Mr. Mathew Thomas (Uthaman)**

**Karukayil**

(ID: M-062)

Ambalamukku - Muttada road,Trivandrum

**Fondly Remembered By**

Annamma Mathew - Amma

Children-Lekha Babu, Sneha Zachariah,

Thomas Mathew and Koshy Mathew and their families

# In Loving Memory
# Of Our Beloved Mommy




*Our Beacon of Love, Strength & Fortitude*

## Prof Leela Annie Mathew

Feb 16, 1946 ~ Feb 28, 2019

Your life was a blessing, your memory a treasure.
You are loved beyond words and missed beyond measure.

**With love and fond memories,**
**Solomon Thomas**
**Subin, Sheeba & Karen**
**Shirene, Joe, Auden and Audrey**



# വിലയേറിയ മുത്ത്

"സ്വർഗ്ഗരാജ്യം നല്ല മുത്ത് അന്വേഷിക്കുന്ന ഒരു വ്യാപാരിയോട് സദൃശ്യം. ഒരു മുത്ത് കണ്ടെത്തിയാറെ ചെന്ന് തനിക്കുള്ളതൊക്കെയും വിറ്റ് ഒരു വയൽ വാങ്ങി (മത്തായി. 13. 45, 46).

യേശുകർത്താവ് തന്റെ ഇഹലോകജീവകാലത്ത് പരസ്യശുശ്രൂഷാവേളയിൽ വളരെയധികം പുരുഷാരം അടുക്കൽ വന്നുകൂടി - സ്വർഗ്ഗരാജ്യത്തെക്കുറിച്ചും അതിൽ കടക്കാനുള്ള മർമ്മങ്ങളെക്കുറിച്ചും ആയിരുന്നു പ്രതിപാദിച്ചിരുന്നത്. സാദൃശ്യങ്ങളായും ഉപമകളായിട്ടും ആയിരുന്നു വെളിപ്പെടുത്തിയിരുന്നത്. സ്വർഗ്ഗരാജ്യത്തെ നല്ല മുത്ത് അന്വേഷിക്കുന്ന ഒരു വ്യാപാരിയോട് സാദൃശ്യപ്പെടുത്തിയിരിക്കുന്ന വേദഭാഗമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. വ്യാപാരിയുടെ അന്വേഷണത്തിൽ ഒരു നല്ല മുത്ത് കണ്ടെത്തി, ആ മുത്ത് വിലയേറിയത് എന്നും മനസ്സിലാക്കി അവൻ തനിക്കുള്ളതൊക്കെയും വിറ്റ് ആ മുത്ത് ഇരുന്ന വയൽ വാങ്ങി.

മുകളിൽ പറഞ്ഞിരിക്കുന്ന വേദഭാഗത്ത് പരാമർശിക്കുന്ന വിലയേറിയ മുത്ത് യേശുക്രിസ്തു ആകുന്നു. പാപികളായ നമ്മെ ഒരു നല്ല മുത്താക്കി മാറ്റേണ്ടതിന് യേശു നമ്മുടെ പാപശാപരോഗങ്ങളെ ചുമന്നുകൊണ്ട് കാൽവറിയിൽ കയറി- തന്റെ ശരീരം ക്രൂശിൽ തകർക്കപ്പെട്ടു. കഠിനവേദനയും നിന്ദയും പരിഹാസവും നമുക്കായി സഹിച്ചു. "അടിക്കുന്നവർക്ക് ഞാൻ എന്റെ മുതുകും രോമം പറിക്കുന്നവർക്ക് എന്റെ കവിളും കാണിച്ചുകൊടുത്തു. എന്റെ മുഖം നിന്ദെക്കും തുപ്പലിനും

മറച്ചിട്ടുമില്ല" (യെശ. 50:6) എന്ന് കർത്താവ് പറയുന്നതായി യെശയ്യാ പ്രവചനത്തിൽ വായിക്കുന്നു. നമുക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുത്ത് നമ്മെ വീണ്ടെടുത്തു. അവൻ നമുക്കു വേണ്ടി കൊടുത്ത വിലയ്ക്ക് പകരം നമ്മെത്തന്നെ സമർപ്പിച്ച് യേശുവിനെ സ്വന്തമാക്കണം. യേശുവിനെ സ്വന്തമാക്കുവാൻ എന്തുവില നല്കണമെന്ന് നാം തീരുമാനിക്കുമ്പോൾ ഏറ്റവും വിശ്ഷ്ടമായത് ആസ്വദിക്കുവാൻ നമുക്കു സാധിക്കും. യേശുവിലൂടെയുള്ള സന്തോഷം ആസ്വദിക്കുന്നതിന് തുല്യമായ മറ്റൊന്നും തന്നെ ലോകത്തിൽ ഇല്ല. എങ്കിലും വിശിഷ്ടമായത് ആസ്വദിപ്പാൻ പ്രധാനമായും മൂന്നു കാര്യങ്ങൾ നമുക്ക് ആവശ്യം ആണ്.

**1. സമാധാനം**

യേശു നമ്മുടെ സമാധാനം. അവൻ നമുക്ക് സമാധാനപ്രഭു അത്രേ. മുമ്പേ നാം ജാതികളും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അന്യരുമായിരുന്നു. ഇപ്പോൾ നാം ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിത്തീർന്നു (എഫെ. 2:14). യേശുവിൽ ആശ്രയിക്കുന്നവരെ അവൻ പൂർണസമാധാനത്തിൽ കാക്കുന്നു. (യെശ. 26:3) "അയ്യോ നീ എന്റെ കല്പനകളെ കേട്ടനുസരിച്ചെങ്കിൽ കൊള്ളായിരുന്നു. എങ്കിൽ നിന്റെ സമാധാനം നദിപോലെയും നിന്റെ നീതി സമുദ്രത്തിലെ തിരപോലെയും ആകുമായിരുന്നു" (യെശ. 48:18)

**2. യഥാർത്ഥ സന്തോഷം**

യഥാർത്ഥ സ്വാതന്ത്ര്യത്തിൽ സന്തോഷമുണ്ട്. യേശുവിലൂടെ മാത്രമേ ആത്മാവിലുള്ള ഈ സ്വാതന്ത്ര്യം അനുഭവിക്കുവാൻ സാധിക്കൂ. സത്യവചനത്തിലൂടെ ഗുണവും ദോഷവും തിരിച്ചറിയുന്നതിനാൽ ക്രിസ്തുവിലൂടെ ലഭിക്കുന്നതാണ് ഈ സ്വാതന്ത്ര്യം. "സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും (യോഹ 8:32) പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും" (യോഹ 8:36) എന്ന് യേശു തന്നിൽ വിശ്വസിച്ചവരെ ഉപദേശിച്ചതായി കാണുന്നു.

ദൈവം മനുഷ്യന് കൊടുത്ത ഈ സ്വാതന്ത്ര്യത്തെ ദുഷ്ടാത്മാവ് അപഹരിക്കുന്നു. മുടിയനായ പുത്രന് യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിപ്പാൻ കഴിയാത്തവണ്ണം സാത്താൻ അത്

അപഹരിച്ചു. നമ്മിൽ അല്പം ഇടം കൊടുത്താൽ സകല ദുഷ്ടാത്മാക്കളും പ്രവേശിച്ച് നമ്മുടെ സ്വാതന്ത്ര്യം എടുത്തു കളയുന്നു. ലഹരി പദാർത്ഥങ്ങൾക്കും ദുഷ്പ്രവൃത്തികൾക്കും അടിമകളായി ജീവിക്കുന്നവർക്ക് ക്രിസ്തുവിലൂടെയുള്ള നിത്യമായ സ്വാതന്ത്ര്യവും യഥാർത്ഥ സന്തോഷവും അനുഭവിപ്പാൻ കഴികയില്ല. പാപപ്രവൃത്തികളെ വിട്ട് ക്രിസ്തുവിന്റെ നിർദോഷവും നിഷ്കളങ്ക വുമായ വിലയേറിയ രക്തത്താൽ കഴുകപ്പെടുന്നവർക്കു മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിച്ച് വിലയേറിയ മുത്തായിത്തീരു വാൻ സാധിക്കുകയുള്ളൂ.

**3. സമ്പൂർണ്ണ തൃപ്തി**

